പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1746 — 04.10.2011-ൽ മറുപടിയ്ക്ക്

കെ. എസ്. ഇ. ബി. പുന:സംഘടന .

| ചോദ്യം<br>ശ്രീ. ജി. എസ് ജയലാൽ : | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കെ. എസ്. ഇ. ബി. പുന:സംഘടനാ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ; | (എ) | 2003 ലെ കേന്ദ്ര വൈദ്യുതി നിയമത്തിനനുസരിച്ച് കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ ആസ്തി . ബാദ്ധ്യതകൾ സംസ്ഥാന സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കിക്കൊണ്ട് 25-09-2008-ന് (എം.എസ്) 37/2008/ഊ.വ നമ്പരായി സർക്കാർ ഉത്തരവ് (എസ്. ആർ. ഒ. 990/2008) പുറപ്പെടുവിച്ചു. സർക്കാരിൽ നിക്ഷിപ്തമാക്കപ്പെട്ടിട്ടുള്ള മുഴുവൻ ആസ്തി ബാദ്ധ്യതകളും പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള ഒറ്റ കമ്പനിയിലേക്ക് പുനർനിക്ഷിപ്തമാക്കുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഇതിലേയ്ക്ക് 1956 ലെ കമ്പനി നിയമത്തിൻ കീഴിൽ ' കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ' എന്ന കമ്പനി 14-01-2011 ന് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പുന:നിക്ഷേപം സംബന്ധിച്ച കൈമാറ്റ പദ്ധതിയുടെ വിവിധ വശങ്ങൾ സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) | പ്രസ്തുത പുന:സംഘടനാ നടപടികൾ നിർത്തിവച്ച് നിലവിലുള്ള സംവിധാനം തുടരുവാൻ സന്നദ്ധ | (ബി) | 2003 ലെ കേന്ദ്ര വൈദ്യുതി നിയമത്തിലെ 131, 133 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാന |

മാകുമോ ; വിശദാംശം അറിയിക്കുമോ ?

വൈദ്യുതി ബോർഡുകളുടെ ആസ്തി ബാദ്ധ്യതകൾ സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാകേണ്ടതും ആയത് ഉഭയകക്ഷി സമ്മത പ്രകാരമുള്ള കൈമാറ്റ പദ്ധതി പ്രകാരം സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനിയിൽ/കമ്പനികളിൽ പുന:നിക്ഷേപിക്കുകയും ചെയ്യുക എന്നത് നിയമപരമായ ബാദ്ധ്യതയാണ്.

സെക്ഷൻ ഓഫീസർ.